കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ

DECEMBER 28 2017

ശബരിമല പത്രക്കുറിപ്പ്–1



മീഡിയ സെന്റർ ഫോൺ : 04735–202664

ww.prd.kerala.gov.in, prdsannidanam2018@gmail.com

## എക്സൈസ് പരിശോധന: 8.56 ലക്ഷം രൂപ പിഴയീടാക്കി

ശബരിമല: മണ്ഡലകാലത്ത് നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിലായി എക്സൈസ് ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ 4,295 കേസുകളിലായി 8,56100 രൂപ പിഴയീടാക്കി. മകരവിളക്ക് ഉൽസവകാലത്ത് മൂന്ന് മേഖലകളിലും പരിശോധന ശക്തമാക്കുമെന്ന് എക്സൈസ് അധികൃതർ അറിയിച്ചു. പമ്പ, സന്നിധാനം എന്നിവിടങ്ങൾ പമ്പ അസിസ്റ്റന്റ് കമ്മീഷ്ണറുടേയും നിലയ്ക്കൽ പത്തനംതിട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷ്ണറുടേയും മേൽനോട്ടത്തിലാണ് പ്രവർത്തനം. ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, മൂന്ന് എക്സൈസ് ഇൻസ്പെക്ടർമാർ, ആറ് പ്രിവന്റീവ് ഓഫീസർമാർ, 12 സിവിൽ എക്സൈസ് ഓഫീസർമാർ വീതമാണ് ഓരോ മേഖലയിലും കർമ്മനിരതരായിട്ടുള്ളത്. സന്നിധാനത്ത് 1214 കേസുകളിലായി 2,43800 രൂപയും പമ്പയിൽ 1055 കേസുകളിലായി 2,11000 രൂപയും നിലയ്ക്കൽ 2026 കേസുകളിലായി 4,01300 രൂപയുമാണ് പിഴ ഈടാക്കിയത്. പാർക്കിങ് സ്ഥലങ്ങൾ, കടകൾ എന്നിവയ്ക്ക് പുറമേ സംശയം തോന്നുന്നവരേയും പരിശോധന നടത്തും. കൂടാതെ ലഭിക്കുന്ന രഹസ്യവിവരങ്ങൾക്ക് അനുസരിച്ചും ഊർജ്ജിത പരിശോധന നടത്തുമെന്നും എക്സൈസ് അധികൃതർ അറിയിച്ചു. സിഗരറ്റ്, ഹാൻസ് പോലെയുള്ള ഉൽപ്പന്നങ്ങൾ, ബീഡി എന്നിവ പിടിച്ചെടുത്തും, അബ്ക്കാരി കേസുകളിലുമാണ് പിഴ ഈടാക്കിയത്.

(പി.ആർ. ശബരി 331)

## ശുചീകരണം ഊർജ്ജിതമാക്കി

ശബരിമല: മണ്ഡലകാലം കഴിഞ്ഞ് മകരവിളക്ക് ഉൽസവത്തിന് തയ്യാറെടുക്കുന്ന സന്നിധാനത്ത് ശുചീകരണപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. 26ന് നട അടച്ചതിനാൽ ഭക്തജനപ്രവാഹം ഒഴിഞ്ഞ പമ്പയിലും സന്നിധാനത്തും 27ന് രാവിലെ മുതൽ തന്നെ ശുചീകര

ണം തുടങ്ങിയിരുന്നു. ഡ്യൂട്ടി മജിസ്ട്രേറ്റ്, ഡെപ്യൂട്ടി കളക്ടർ എം സന്തോഷ്, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് എം പ്രേമചന്ദ്രൻ എന്നിവരുടെ നേതൃത്വത്തിൽ 298 എസ്.എസ്.എസ്. സേവകരുൾപ്പടെയുള്ള ഉദ്യോഗസ്ഥസംഘമാണ് ശുചീകരണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്. പാ ിത്താവളത്തിൽ അപകടസ്ഥിതിയിലായിരുന്ന കമ്പം മരവും സന്നിധാനത്ത് ആഴിയുടെ വശത്ത് ഉണങ്ങി നിന്നിരുന്ന ഒരു ശാഖയും മുറിച്ച് മാറ്റി. ആഴിയിൽ നിന്നും കരി വാരിമാറ്റി ശുചിയാക്കുന്ന പ്രക്രിയ തുടരുകയാണ്. 30ന് വൈകീട്ട് നട തുറക്കുന്നതോടെ ആഴിയിലും തിരിതെളിയും.

(പി.ആർ. ശബരി 332)

## ജോലിതിരക്ക് കഴിഞ്ഞ് യോഗക്ലാസും

ശബരിമല: മണ്ഡലകാലം കഴിഞ്ഞ് നട അടച്ചശേഷം ഇന്നലെ സന്നിധാനത്ത് ഉദ്യോഗസ്ഥർ തകൃതിയായി ശുചീകരണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ജോലിതിരക്ക് കഴിഞ്ഞപ്പോൾ വില്ലേജ് ഓഫീസർ ബിജുവിന് ഒരാശയം ഉദ്യോഗസ്ഥരെക്കൂട്ടി യോഗക്ലാസ് നടത്തിയാലോ. ഡ്യൂട്ടി മജിസ്ട്രേറ്റ് എം സന്തോഷിന്റെ പൂർണസഹകരണം കൂടി ലഭിച്ചതോടെ വാവരുസ്വാമി നടയിൽ യോഗക്ലാസ് തുടങ്ങി. അറുപതോളം ഉദ്യോഗസ്ഥർ യോഗ പഠിക്കാനുമെത്തിയതോടെ സമീപത്ത് കാണാനും മറ്റുള്ളവരുടെ തിരക്കായി. ജോലി പൂർത്തിയാക്കിയശേഷം നടക്കുന്ന യോഗക്ലാസ് നടതുറക്കുന്നതുവരെ തുടരുമെന്ന് പത്തുവർഷമായി യോഗ പഠിപ്പിക്കുന്ന കൊല്ലത്ത് വെളിയം വില്ലേജ് ഓഫീസറായ ബിജു പറഞ്ഞു.

(പി.ആർ. ശബരി 333)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.